# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

നം.പി.ആർ. 66/2025 തിരുവനന്തപുരം, തീയതി: 29/03/2025

## പത്രക്കുറിപ്പ്

### കേരളസർവകലാശാല പഠനവകുപ്പുകളിലെ പി.ജി., എം.ടെക്. 2025 – 2026 പ്രവേശന പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു

കേരളസർവകലാശാലയുടെ വിവിധ പഠനവകുപ്പുകളിലെ പി.ജി., എം.ടെക്., കോഴ്സുകൾക്കായുള്ള പ്രവേശനത്തിനുള്ള ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചു. യോഗ്യത:50% മാർക്കോടെയുള്ള ബിരുദം. അവസാന വർഷ ബിരുദ പരീക്ഷ എഴുതുന്നവർക്കും അപേക്ഷിക്കാം. പ്രവേശന പരീക്ഷയുടെ മാർക്ക് അടിസ്ഥാനത്തിലാണ് അഡ്മിഷൻ. അപേക്ഷകൾ https://admissions.keralauniversity.ac.in വഴി ഓൺലൈനായി സമർപ്പിക്കാം. അപേക്ഷാഫീസ്: 2000/– രൂപ. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി 2025 ഏപ്രിൽ 30. വിശദവിവരങ്ങൾക്ക്: 0471 – 2308328. ഇ–മെയിൽ:csspghelp2025@gmail.com

### പരീക്ഷാഫലം

കേരളസർവകലാശാല 2024 സെപ്റ്റംബറിൽ നടത്തിയ രണ്ടാം സെമസ്റ്റർ എം.എ. (Human Resource Management) PG (റെഗുലർ & സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ www.slcm.keralauniversity.ac.in മുഖേന വിദ്യാർത്ഥികൾ ഓൺലൈനായി ഏപ്രിൽ 7 വരെ സമർപ്പിക്കേണ്ടതാണ്. വിശദവിവരം വെബ്സൈറ്റിൽ (www.keralauniversity.ac.in).

.

### പ്രാക്ടിക്കൽ

കേരളസർവകലാശാല 2025 ഫെബ്രുവരിയിൽ നടത്തിയ ഒന്നാം സെമസ്റ്റർ എം.എസ്സി. സുവോളജി ന്യൂജൻ പരീക്ഷയുടെ പ്രാക്ടിക്കൽ ഏപ്രിൽ 4 മുതൽ അതാത് കോളേജിൽ വച്ച് നടത്തുന്നതാണ്. വിശദമായ ടൈംടേബിൾ സർവ്വകലാശാല വെബ്സൈറ്റിൽ (www.keralauniversity.ac.in)

### ടൈംടേബിൾ

കേരളസർവകലാശാല ആറാം സെമസ്റ്റർ ബി.എ./ബി.എസ്സി./ബി.കോം. ന്യൂജനറേഷൻ ഡബിൾ മെയിൻ ഏപ്രിൽ 2025 ഡിഗ്രി പരീക്ഷകളുടെ (റെഗുലർ – 2022 അഡ്മിഷൻ, സപ്ലിമെന്ററി – 2020&2021 അഡ്മിഷൻ) ടൈംടേബിൾ പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ. (www.keralauniversity.ac.in).

**<u>കേരളസർവകലാശാല യൂണിയൻ (2024–25) ഭാരവാഹികളുടേയും, സെനറ്റ്/സ്റ്റുഡൻ്റ്സ് കൗൺസിലിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും നാമനിർദ്ദേശ പത്രികകളുടെ സൂക്ഷ്മപരിശോധന</u>**

കേരളസർവകലാശാല യൂണിയൻ (2024–25) ഭാരവാഹികളുടേയും, സെനറ്റ്/ സ്റ്റുഡൻ്റ്സ് കൗൺസിലിലേക്കുള്ള വിദ്യാർത്ഥി പ്രതിനിധികളുടേയും തെരഞ്ഞെടുപ്പുകളുമായി ബന്ധപ്പെട്ട് 2025 ഏപ്രിൽ 2 ന് നടക്കുന്ന നാമനിർദ്ദേശ പത്രിക സൂക്ഷ്മപരിശോധനയിൽ പങ്കെടുക്കുന്നവർക്കുള്ള നിർദ്ദേശങ്ങൾ സർവകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ–ചാർജ്)

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675** |
| **Whats App No. 8547330240** |